# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 575 | 10.07.2012ൽ മറുപടിയ്ക്ക് |
| **മാതൃകാ അംഗൻവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എളമരം കരീം**<br>**,, ജി. സുധാകരൻ**<br>**,, ജെയിംസ് മാത്യു**<br>**,, വി. ചെന്താമരാക്ഷൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) ഒരു മാതൃകാ അംഗൻവാടിക്ക് എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) ഒരു മാതൃകാ അംഗൻവാടിക്ക് 10 സെന്റ് സ്ഥലവും അതിനകത്ത് ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന പൗരൻമാർക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയിലറ്റ്,സ്ത്രീ സൗഹൃദ ടോയിലറ്റ്, വാഷ് ഏരിയ കുടിവെള്ള സൗകര്യം എന്നിവയോടു കൂടിയതുംചുറ്റുമതിലുള്ളതുമായ 910 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കെട്ടിടമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ മാതൃകാ അംഗൻവാടികളിൽ പ്രതിരോധ കുത്തിവെയ്പിനുള്ള സൗകര്യം, കൗമാര പ്രായക്കാർക്കുള്ള ക്ലബ്, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ കൂടി ഉൾപ്പെടുത്തി വിപുലമാക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ 1475 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഇരുനില കെട്ടിടമാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. നിർമ്മിക്കുന്ന കെട്ടിടത്തിന്റെ മുൻ ഭാഗത്ത് |

| | |
|---|---|
| | ഭംഗിയോടു കൂടിയ പുൽമേടും പിൻഭാഗത്ത് ഒരു പച്ചക്കറിതോട്ടവും വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) ഇന്നത്തെ നിലയിൽ ഇതിനായി എന്തുതുക ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്; ആയതിന്റെ ഡിസൈൻ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; | (ബി) ഒരു മാതൃകാ അംഗൻവാടിയുടെ നിർമ്മാണത്തിന്, 20,00,000 രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കെട്ടിടനിർമ്മാണത്തിനുള്ള ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) അംഗൻവാടികളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്താനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) യും (ഡി) യും മാതൃ/ശിശു പരിപാലന പദ്ധതിയുടെ ഏറ്റവും അടിസ്ഥാന മേഖലയിലുള്ള സ്ഥാപനം എന്ന നിലയ്ക്ക് അംഗൻവാടി കേന്ദ്രങ്ങളെ ഐഎസ്ഒ നിലവാരത്തിലേയ്ക്കുയർത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ് . എന്നാൽ ഇക്കാര്യത്തിൽ നിലവിൽ പ്രൊപ്പോസലുകളും മറ്റു വിശദാംശങ്ങളും തയ്യാറാക്കപ്പെട്ടിട്ടില്ല. |
| (ഡി) മുപ്പത്തിമൂവായിരത്തോളം വരുന്ന കേരളത്തിലെ അംഗൻവാടികളെ നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടി ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കാൻ മൊത്തം എന്തുതുക ആവശ്യമായി വരുമെന്നും എന്തുതുക ഏതെല്ലാം നിലയിൽ ഈ വർഷം ചെലവഴിക്കുമെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ